**അടിയന്തര പ്രമേയം**

**റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി**

മി. സ്പീക്കർ: സ്വാഭാവിക റബ്ബറിന്റെ വില കുത്തനെ ഇടിഞ്ഞിട്ടും റബ്ബർ ഇറക്കുമതി പൂർണ്ണമായി നിരോധിക്കാനോ റബ്ബർ സംഭരണം നടത്താനോ യാതൊരു തീരുമാനവുമില്ലാത്തതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. സുരേഷ് കുറുപ്പ്, വി.എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ. എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, സ്വാഭാവിക റബ്ബറിന്റെ വിലയിടിവ് റബ്ബർ കർഷകരെ വളരെയധികം ബാധിച്ചിട്ടുണ്ടെന്നുള്ളത് ഗവൺമെന്റിന് വ്യക്തമായ ബോധ്യമുണ്ട്. റബ്ബറിന്റെ വില എപ്പോഴും ഇന്റർനാഷണൽ മാർക്കറ്റ് വിലയുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. വില കൂടുന്നതും കുറയുന്നതും അതിനെ ആശ്രയിച്ചായിരിക്കും. ഇന്നലെ വിദേശ റബ്ബറിന്റെ വില, ബ്ലോക്ക് റബ്ബർ 120 രൂപയും ഷീറ്റ് റബ്ബറിന് 135 രൂപയുമുള്ളപ്പോൾ ഇവിടെ ഷീറ്റ് റബ്ബർ വില 142 രൂപ, ഇവിടത്തെ മാർക്കറ്റിൽ 7 രൂപ കൂടുതലാണ്. ബ്ലോക്ക് റബ്ബറിന് വിദേശത്ത് 120 രൂപ ഉള്ളപ്പോൾ ഇവിടെ 139 രൂപ ഉണ്ട്. 19 രൂപ കൂടുതലുണ്ട്. എന്നാലും നേരത്തെ കിട്ടിക്കൊണ്ടിരുന്ന വിലയുമായി തട്ടിച്ചുനോക്കുമ്പോൾ വില ക്രമാതീതമായി താഴോട്ട് വന്നുകൊണ്ടിരിക്കുകയാണ്. വില കൂടുന്നതനുസരിച്ച് കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ കൂടി. അതുകൊണ്ടാണ് കർഷകർ ഇന്ന് ബുദ്ധിമുട്ടുന്നത്.

എല്ലാ കാര്യത്തിനും കോസ്റ്റ് കൂടിയിരിക്കുകയാണ്. വില കുറയുന്നതനുസരിച്ച് അതിന്റെ ഉല്പാദനച്ചെലവ് കുറയുന്നില്ല. അത് കർഷകരെ വളരെയധികം ബുദ്ധിമുട്ടിക്കുന്നു. ഇവിടെ ഇറക്കുമതി ചെയ്യുന്ന റബ്ബറിന് 20 ശതമാനം ഡ്യൂട്ടി അല്ലെങ്കിൽ 20 രൂപ ഏതാണോ കുറവ് അതായിരുന്നു നിലവിലുണ്ടായിരുന്നത്. വില കുറയാൻ തുടങ്ങിയപ്പോൾതന്നെ സംസ്ഥാന ഗവൺമെന്റും എം.പി. മാരുമെല്ലാം ശക്തമായി ഇന്റർനാഷണൽ മാർക്കറ്റുമായി തട്ടിച്ചുനോക്കുമ്പോൾ ഇറക്കുമതിക്ക് ഒരു സാധ്യതയുമില്ലാതാക്കുന്ന വിധത്തിൽ ഡ്യൂട്ടി കൂട്ടണമെന്ന ആവശ്യം കേന്ദ്രത്തിൽ ഉന്നയിച്ചു. കേന്ദ്ര വാണിജ്യമന്ത്രാലയം അത് ആദ്യമേ അംഗീകരിച്ചുവെങ്കിലും ധനകാര്യവകുപ്പ് ഇക്കാര്യം അംഗീകരിക്കുന്നതിന് വൈമനസ്യം കാട്ടി. എന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ ശക്തമായ ഇടപെടലിനെത്തുടർന്ന് കേന്ദ്ര ഗവൺമെന്റ് ഡ്യൂട്ടി കൂട്ടി. 20 ശതമാനമോ 30 രൂപയോ ഏതാണോ കുറവ് എന്നുള്ളതാക്കി. അതായത് 20 രൂപയെന്നുള്ളത് 10 രൂപ കൂട്ടി 30 രൂപയാക്കി. ആ നിലപാട് കേന്ദ്രഗവൺമെന്റ് എടുത്തുവെങ്കിലും ഇന്റർനാഷണൽ മാർക്കറ്റ് വീണ്ടും താഴോട്ട് വന്ന സാഹചര്യത്തിൽ റബ്ബറിന്റെ വില ഡ്യൂട്ടി കൂട്ടിയതിന്റെ പേരിൽ അധിക ദിവസം പിടിച്ചുനിർത്താൻ സാധിച്ചില്ല. വീണ്ടും വില കുറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് റബ്ബർ സംഭരിക്കണമെന്ന നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് മുമ്പാകെ സമർപ്പിച്ചത്. 31–ാം തീയതി ഡൽഹിക്കുപോയി, കേന്ദ്ര വാണിജ്യ കാര്യവകുപ്പുമന്ത്രി ശ്രീ. ആനന്ദ് ശർമ്മയുമായി സംസാരിച്ചു. അദ്ദേഹം മിനിസ്ട്രിയിലെ ഉദ്യോഗസ്ഥരെ വിളിച്ച് ഇക്കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. റബ്ബർ സംഭരണം നടത്തുന്നതിന്റെ സാധ്യതകൾ പരിശോധിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാണ്. അതിന് വാണിജ്യമന്ത്രാലയത്തോട് മന്ത്രി ആവശ്യപ്പെട്ടിരിക്കുകയാണ്. അത് സംബന്ധിച്ച് ഒരു തീരുമാനം ഏറ്റവും വേഗത്തിലെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഏതായാലും കേരളത്തിൽ റബ്ബർ സംഭരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചുക

ഴിഞ്ഞു. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ഇക്കാര്യം വ്യക്തമാക്കുകയും ചെയ്തു. റബ്ബർ സംഭരിച്ചുകൊണ്ട് ഇന്ന് മാർക്കറ്റിലുള്ള വില യിടിവ് തടയുന്നതിന് ചെയ്യാവുന്ന എല്ലാനടപടികളും ഗവൺമെന്റ് സ്വീകരിക്കും കേന്ദ്രഗവൺമെന്റുകൂടി ആ രംഗത്ത് നമ്മളോടൊപ്പം സഹായിക്കാൻ ഉണ്ടാകണ മെന്നാണ് അഭ്യർത്ഥിച്ചിരിക്കുന്നത്. കേന്ദ്രത്തിൽനിന്നും സംഭരണത്തിനുള്ള സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാന ഗവൺമെന്റ് ഏറ്റവും വേഗ ത്തിൽ വിപണിയിൽ ഇടപെടുന്നതാണ്. കർഷകർ നേരിടുന്ന പ്രശ്നങ്ങളുടെ ഗൗരവം സംസ്ഥാന ഗവൺമെന്റ് പൂർണ്ണമായും ഉൾക്കൊണ്ടിട്ടുണ്ട്. ആ സാഹച ര്യത്തിലാണ് ഡ്യൂട്ടി കൂട്ടാനും സംഭരണം എന്ന ആശയം പ്രായോഗികതലത്തിൽ കൊണ്ടുവരാനും തീരുമാനിച്ചിരിക്കുന്നത് എന്നുകൂടി വ്യക്തമാക്കാനും ആഗ്രഹി ക്കുന്നു.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, റബ്ബറിന്റെ വിലയിടിവ് ഒരു തുടർക്കഥ പോലെയാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ ഏറ്റവും സുപ്രധാനമായ പങ്ക് വഹിക്കുന്ന ഒന്നാണ് റബ്ബർ. കേരളത്തിലെ റബ്ബർ കൃഷിക്കാരിൽ 98 ശതമാനവും 2 ഹെക്ടറിൽ താഴെയുള്ള കൃഷിക്കാരാണ്. റബ്ബർ കൃഷിക്കാരെല്ലാം വലിയ തോട്ടം ഉടമകളാണെന്നാണ് പലരുടെയും ധാരണ. രണ്ടോ അതിൽ താഴെയോ ശതമാനം ആളുകൾ മാത്രമാണ് വൻകിട തോട്ടം ഉടമകൾ. ബാക്കി 98 ശതമാ നവും കേരളത്തിലെ ചെറുകിട റബ്ബർ കൃഷിക്കാരായ 2 ഹെക്ടറിൽ താഴെ കൃഷി ചെയ്യുന്നവരാണ്. കേരളത്തിൽ റബ്ബർ കൃഷി വളർന്നതിന് ഒരു ചരിത്രമുണ്ട് കേന്ദ്ര ഗവൺമെന്റിന്റെ നേരിട്ടുള്ള ഇടപെടലിന്റെ ഫലമായി റബ്ബർ കൃഷി പ്രോത്സാഹിപ്പി ച്ചത്............ സർ, ഇങ്ങനെ ശബ്ദം ഉണ്ടാക്കിയാൽ......... ഇവിടെ അടിയന്തര പ്രമേയം പറയുന്നു...... ചീഫ് വിപ്പ്,......എന്തായിത്......(ബഹളം) ശബ്ദം ഇതെന്താ

നാഷണൽ ഹൈവേയാണോ അതുവഴി അങ്ങോട്ടുമിങ്ങോട്ടും നടക്കാൻ എപ്പോഴും... (ബഹളം) റബ്ബറിന്റെ കാര്യം പറയുമ്പോഴാണോ ചീഫ് വിപ്പിന്.......

മി. സ്പീക്കർ: ഒരു ദിവസം എത്ര പ്രാവശ്യം പറയും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെല്ലേ അവരും......

ശ്രീ. കെ. സുരേഷ് കുറുപ്പ്: കേന്ദ്ര ഗവൺമെന്റിന്റെ സജീവമായ ഇടപെടൽ................

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത്, ദയവായി അവിടെയിരിക്കൂ ഇല്ലെങ്കിൽ പുറത്തോട്ട് പൊയ്ക്കോളൂ............

ശ്രീ. കെ. സുരേഷ് കുറുപ്പ്: ............ വ്യാപകമായി പ്രോത്സാഹിപ്പിച്ചതിന്റെ ഫലമായിട്ടാണ് മറ്റു വിളകളെല്ലാം മാറ്റി, വിളകളെല്ലാം നശിപ്പിച്ച് റബ്ബർ മാത്രമായി കൃഷി ചെയ്യാൻ കൃഷിക്കാർ തീരുമാനിച്ചത്. ഇത് കേരളത്തിൽ മാത്രമല്ല അടുത്ത കാലത്താണ് ത്രിപുരയിൽ റബ്ബർ കൃഷി തുടങ്ങിയത്. ത്രിപുരയിൽ ഗ്രാമീണ സമ്പദ്ഘടനയെ ഇത് മാറ്റിമറിച്ചു. തീവ്രവാദപ്രസ്ഥാനങ്ങളെ അടക്കം അകറ്റാൻ റബ്ബർ കൃഷി സഹായിച്ചുവെന്നാണ് ത്രിപുരയെക്കുറിച്ചുള്ള പഠനങ്ങൾ സൂചിപ്പി ക്കുന്നത്. അങ്ങനെ കേരളത്തിനും കേരളത്തിന്റെ പുറത്തുള്ള ചില സംസ്ഥാനങ്ങ ളിലും വ്യാപകമായി റബ്ബർ കൃഷി ഗവൺമെന്റ് പ്രോത്സാഹിപ്പിച്ചതാണ്. ഗവൺമെന്റിനെ വിശ്വസിച്ചാണ് കൃഷിക്കാർ കൃഷി തുടങ്ങിയത്. ആ റബ്ബറിന് വിലയിടിയുമ്പോൾ വില സംരക്ഷിക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് ചുമതലയില്ലേ; 1990 –കൾ വരെ വിലയിടിയുന്ന സമയത്ത് സ്ഥിരമായി ഇട പെടുന്ന ഒരു രീതി കേന്ദ്ര ഗവൺമെന്റിനുണ്ടായിരുന്നു. എല്ലാവർക്കും അറിയാവു ന്നതുപോലെ ഉദാരവത്ക്കരണസാമ്പത്തിക സമീപനം വന്നപ്പോൾ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നിസ്സംഗമായി നോക്കി നിൽക്കുകയാണ്. ഈ അടുത്തകാല ത്തെല്ലാം റബ്ബറിന്റെ വില ഇടിഞ്ഞ് താഴോട്ടുവന്നിട്ടും ഇവിടെ മുറവിളികൂട്ടിയിട്ടും എത്ര തവണ നിവേദനം കൊടുത്തിട്ടും എന്തെങ്കിലും ഇടപെടലുണ്ടായോ

അവസാനം ഈ റബ്ബർ വ്യവസായികൾ ആവശ്യത്തിലും കൂടുതലുമുള്ള റബ്ബർ സംഭരിച്ച് സ്റ്റോക്ക് ചെയ്തതിനുശേഷമാണ് ഇറക്കുമതി തീരുവ 30 രൂപയെങ്കിലുമാക്കാൻ ധനകാര്യ വകുപ്പുമന്ത്രി സമ്മതിച്ചത്. അതുവരെ നിർബാധം ഇറക്കുമതി ചെയ്യാൻ അവർക്ക് സമയം കൊടുത്തു.. ഓയിൽ കമ്പനികൾക്ക് നഷ്ടം വരുമ്പോൾ കേന്ദ്രഗവൺമെന്റിന് വലിയ ബുദ്ധിമുട്ടാണ്. ഓയിൽ കമ്പനികൾക്ക് കിട്ടേണ്ട ലാഭം കിട്ടാതായാൽ പെട്രോളിയം മന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും ഉറക്കമില്ലാതാകും. പാചകവാതക സിലിണ്ടറിന് സബ്സിഡി കൊടുത്താൽ അതാണ് ഇൻഡ്യാരാജ്യത്ത് ഏറ്റവും വലിയ പ്രശ്നം. ഉടനെ ആധാർ കാർഡായി; ബാങ്ക് അക്കൗണ്ടായി; സബ്സിഡി സിലിണ്ടറിന്റെ എണ്ണം കുറയ്ക്കലായി; ഔദാര്യം പോലെ ഇപ്പോൾ 12 സിലിണ്ടർ തന്നാലായി; നാളെയാ സിലിണ്ടർ വീണ്ടും കുറയ്ക്കും; സബ്സിഡി വീണ്ടും കുറയ്ക്കും; ഇതെല്ലാം പാവപ്പെട്ട ജനങ്ങളുടെമേൽ ഇവർ അടിച്ചേല്പിക്കുന്നു. ഓയിൽ കമ്പനികൾക്ക് നഷ്ടം വരാൻപാടില്ല.

ഓയിൽ കമ്പനികൾക്ക് നഷ്ടം വരുന്നതിൽ ബുദ്ധിമുട്ടുന്ന കേന്ദ്ര ഗവൺമെന്റ് കേരളത്തിലെ സമ്പദ്ഘടനയുടെ സുപ്രധാനമായ റബ്ബർ മേഖലയിലെ പാവപ്പെട്ട 12 ലക്ഷത്തോളം വരുന്ന കൃഷിക്കാർ ഇവിടെ തകർന്നടിയുമ്പോൾ നിസ്സംഗമായി നോക്കി നിൽക്കുകയാണ്. അവർക്ക് ഇക്കാര്യത്തിൽ യാതൊരു താല്പര്യവുമില്ല. അതേസമയം അവിടെയും നമ്മുടെ നാട്ടിലെ വൻകിട ടയർ നിർമ്മാതാക്കളടക്കം ഏതാണ്ട് 10 ടയർ കമ്പനികളാണ് കേന്ദ്ര ഗവൺമെന്റിൽ സ്വാധീനം ചെലുത്തി മാർക്കറ്റിൽ റബ്ബറിന്റെ വില നിശ്ചയിക്കുന്നത്. അവരുടെ താല്പര്യത്തിനനുസരിച്ച് റബ്ബർ ഇറക്കുമതിക്ക് നിർബാധം അനുമതി നൽകിയതിന്റെ ഫലമായാണ് ഇപ്പോൾ വിലയിടിവുണ്ടായിട്ടുള്ളത്.

ഇപ്പോൾ റബ്ബറിന്റെ ഡ്യൂട്ടി കൂട്ടി, ഡ്യൂട്ടി കൂട്ടിയാലും യാതൊരു ഇംപാക്ടും മാർക്കറ്റിൽ ഉണ്ടാക്കാൻ പോകുന്നില്ല. എന്താണ് കാര്യം? ഞാൻ നേരത്തെ പറഞ്ഞ തുപോലെ ടയർ നിർമ്മാതാക്കൾ അവർക്കാവശ്യമുള്ള റബ്ബർ ഇറക്കുമതി ചെയ്തുവച്ചിരിക്കുകയാണ്. നമ്മുടെ ഉല്പാദനമെത്ര, പ്രൊഡക്ഷന്റെ ആവശ്യമെത്ര എന്നതിന്റെ കൃത്യമായ കണക്കുകൾ റബ്ബർ ബോർഡിന്റെ കൈവശമുണ്ട്. 9.16 ലക്ഷം മെട്രിക് ടൺ ആണ് റബ്ബർ ഉല്പാദനം. വ്യവസായ ആവശ്യത്തിനും ആഭ്യന്തര ഉപഭോഗത്തിനും നമുക്ക് വേണ്ടത് 9.65 ലക്ഷം മെട്രിക് ടൺ ആണ്. എന്നുവച്ചാൽ ഒരു ചെറിയ വ്യത്യാസം മാത്രമേയുള്ളൂ, അത് ഇറക്കുമതി ചെയ്യാൻ അനുവദിക്കാം. അതിനുപകരം ഈ കാലയളവിൽ, കഴിഞ്ഞ വർഷം ഇറക്കുമതി ചെയ്തത് 2,60,000 മെട്രിക് ടൺ റബ്ബർ ആണ്. 45000 ഉം 50000 ഉം മെട്രിക് ടൺ ഇറക്കുമതി ചെയ്യേണ്ട സ്ഥാനത്ത് 2,60,000 മെട്രിക് ടൺ റബ്ബർ കേന്ദ്ര ഗവൺമെന്റിന്റെ മൗനാനുവാദത്തോടുകൂടി ഇറക്കുമതി ചെയ്ത് ഈ ടയർ വ്യവസായികൾ സൂക്ഷിച്ചുവച്ചിരിക്കുകയാണ്. കതിരിന് വളം വയ്ക്കുന്നതുപോലെ ഇപ്പോൾ 30% കൂട്ടിയതുകൊണ്ട് ഒരു പ്രയോജനവുമില്ല. മാത്രവുമല്ല, വ്യവസായ ആവശ്യത്തിനുള്ള സ്വാഭാവിക റബ്ബർ ഉല്പാദിപ്പിക്കുമ്പോൾ അഡ്വാൻസ് ലൈസൻസിംഗ് സ്കീമിൽപ്പെടുത്തി റബ്ബർ ഇറക്കുമതി ചെയ്യുന്നുണ്ട്. അതായത് റബ്ബർ ഇറക്കുമതി ചെയ്ത് തത്തുല്യമായ എക്സ്പോർട്ടുണ്ടാകണം. റബ്ബർ ഇറക്കുമതി നിർബാധം വരുന്നുണ്ട്, പക്ഷേ എക്സ്പോർട്ട് ചെയ്യുന്നതിന് രണ്ടു മൂന്നു വർഷം വരെ കാലയളവ് ഇവർക്ക് കൊടുത്തിട്ടുണ്ട്. ഇറക്കുമതി ചെയ്യുന്നതിന് കൃത്യമായ കണക്കുണ്ട്. പക്ഷേ എക്സ്പോർട്ട് ചെയ്യുന്നുണ്ടോ? അഡ്വാൻസ് ലൈസൻസിംഗ് സ്കീമിൽപ്പെടുത്തി റബ്ബർ ഇറക്കുമതി ചെയ്യുന്നവർ

അത് തിരികെ എക്സ്പോർട്ട് ചെയ്യുന്നുണ്ടോ എന്നുള്ളത് നോക്കാൻ ഒരു മെക്കാനിസവും കേന്ദ്ര ഗവൺമെന്റിന്റെ കൈയിലില്ല, റബ്ബർ ബോർഡിന്റെ കൈയിലുമില്ല. അഡ്വാൻസ് ലൈസൻസിംഗ് സ്കീമിൽപ്പെടുത്തി റബ്ബർ നിർബാധം ഇറക്കുമതി ചെയ്യുന്നു. അതേപോലെ ഡിസംബർ 31 മുതൽ ആസിയാൻ കരാറിൽപ്പെടുത്തി ഗ്ലൗസ്, കോണ്ടം, സിന്തറ്റിക് ലാറ്റക്സ്, ബലൂൺ എന്നിങ്ങനെ നമുക്ക് പരിചയമുള്ളതും പരിചയമില്ലാത്തതുമായ 78 ഐറ്റങ്ങൾ നിർബാധം ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയാണ്. ആസിയാൻ കരാർ റബ്ബറിനെ ബാധിക്കില്ല, സംരക്ഷിത പട്ടികയിൽ റബ്ബറിനെ ഉൾപ്പെടുത്തുമെന്നല്ലേ പറഞ്ഞത്. ഇപ്പോൾ എവിടെപ്പോയി ഈ സംരക്ഷിതപ്പട്ടിക? സാങ്കല്പികമായ സംരക്ഷിതപ്പട്ടികയിൽപ്പെടുത്തി റബ്ബറിനെ രക്ഷിക്കണമെന്ന് ഇവിടെ ഇടതുപക്ഷങ്ങൾ സമരമുണ്ടാക്കിയപ്പോൾ പരിഹസിച്ചവർ ഇന്ന് ആസിയാൻ കരാറിൽപ്പെടുത്തി 78 ഇനങ്ങൾ ഇങ്ങോട്ട് വരുമ്പോൾ എന്താണ് ചെയ്യുന്നത്, ഇവർ കൈയ്യും കെട്ടി നോക്കി നിൽക്കുകയാണ്. അതിൽ എന്തെങ്കിലും മാറ്റാൻ സാധിക്കുമോ? യാതൊരു തരത്തിലും ഒരു ഇടപെടലും നടക്കില്ല. അതുകൊണ്ട് ഇനി ഏതെല്ലാം തരത്തിൽ ഡ്യൂട്ടികൾ കൂട്ടിയാലും ആസിയാൻ കരാറിൽപ്പെടുത്തി ഈ സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതോടുകൂടി റബ്ബറിന്റെ വില ഇനിയും പരിതാപകരമായ അവസ്ഥയിലേയ്ക്ക് താഴാൻ പോകുകയാണ്. ഇവിടെയാണ് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഇടപെടേണ്ടത്. റബ്ബർ കർഷകർക്ക് വേണ്ടി കണ്ണീരൊഴുക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയുണ്ടല്ലോ, അദ്ദേഹം ഇത്രകാലം എന്താണ് ചെയ്തത്; ഇപ്പോൾ മൂക്കുപ്പൊടി വലിക്കാനെന്ന പോലെ 10 കോടി രൂപ അനുവദിച്ചു. റബ്ബർ സംഭരണത്തിന് 10 കോടി രൂപ നീക്കിവച്ചു. ഇതുകൊണ്ട് എത്ര ടൺ

സംഭരിക്കും? ഈ 10 കോടി രൂപ കൊണ്ട് ഈ നാട്ടിലെ റബ്ബറിന്റെ വില കൂടാൻ പോകുന്നുണ്ടോ? വില സ്ഥിരതാ ഫണ്ടിൽ നിന്നും പൈസ കിട്ടുമെന്നും അതിന് നിവേദനം കൊടുത്തിട്ടുണ്ടെന്നും ഇവിടെ മുഖ്യമന്ത്രി പറഞ്ഞു. എവിടെയാണ് കിട്ടിയത്? റബ്ബർ ഉടനെ സംഭരിച്ചില്ലെങ്കിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നാൽ മൂന്നു നാലു മാസത്തേയ്ക്ക് ഒരു സംഭരണവും നടക്കില്ല. അതുകൊണ്ട് റബ്ബർ സംഭരിക്കുന്നുണ്ടെങ്കിൽ; റബ്ബറിന്റെ വില ഇടിയാതിരിക്കണമെന്ന് സംസ്ഥാന ഗവൺമെന്റിന് ആഗ്രഹമുണ്ടെങ്കിൽ ഉടൻ തന്നെ മാർക്കറ്റിൽ ഇടപെടണം. വിലയിടിഞ്ഞ സമയത്ത് വലിയ കച്ചവടക്കാർ റബ്ബർ സംഭരിച്ചുവച്ചിട്ടുണ്ട്. അവരുടെ കൈയിൽ നിന്ന് റബ്ബർ എടുത്താൽ റബ്ബറിന്റെ വില കൂടുമോ? നമ്മുടെ നാട്ടിൻപുറത്തെ സഹകരണസംഘങ്ങൾ മുഖാന്തിരം റബ്ബർ സംഭരിച്ച് കൃഷിക്കാരന്റെ കൈയിൽ നിന്നും നേരിട്ട് റബ്ബർ വാങ്ങിക്കണം. അതല്ലാതെ റബ്ബർ സംഭരണമെന്ന പേരിൽ ഞങ്ങൾ ഇത്ര ടൺ സംഭരിച്ചു, ഇത്ര ടൺ സംഭരിച്ചിട്ടും മാർക്കറ്റിൽ വില കൂടിയില്ല. ഞങ്ങൾ എന്തുചെയ്യാനാണ് എന്നു പറയാനാണ് ഭാവമെങ്കിൽ അത്തരം ഒരു വഞ്ചന നടത്തരുത് എന്നാണ് എനിക്ക് പറയാനുള്ളത്. കൃഷിക്കാരന്റെ കൈയിൽ നിന്ന് നേരിട്ട്, അത് എത്ര റബ്ബറാണെങ്കിലും അത്രയും മേടിക്കണം. റബ്ബറിന് വലിയ വില കിട്ടി, കൃഷിക്കാർ സമ്പന്നനായി എന്നു പറയുന്നവർ ഇക്കാലയളവിൽ ഇതുപയോഗിച്ച് ടയർ അതുപോലെ മറ്റു വ്യവസായികൾ ഉണ്ടാക്കിയ ലാഭമെത്രയാണ്. അവരുടെ ലാഭവുമായി തട്ടിച്ചുനോക്കുമ്പോൾ നമ്മുടെ കൃഷിക്കാരൻ ഉണ്ടാക്കിയ ലാഭം എത്രയോ തുലോം തുച്ഛമാണ്. ഇക്കാലയളവിൽ ഇതിന്റെയെല്ലാം വില കൂടിയില്ലേ? തുരിശിന്റെയും വളത്തിന്റെയും വില കൂടി. റബ്ബർ വെട്ടുകാരുടെ

ശമ്പളം സ്വാഭാവികമായും കൂടി. 248 രൂപ വരെ വില കിട്ടിയിരുന്ന സ്ഥലത്ത് ഇന്നലെ 142 രൂപ. അത് ഇനിയും കുറയും. ഈ വിലയിൽ കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം ഒരുതരത്തിലും റബ്ബർ കൃഷിയുമായി ലാഭത്തിൽ മുമ്പോട്ടുപോകാൻ കഴിയാത്തതാണ്. ഈ സമയത്താണ് സംഭരണം വേണ്ടത്. വിള ഇൻഷ്വറൻസ് നടപ്പാക്കേണ്ടത്. ഇതിനൊക്കെ എന്തെങ്കിലും തരത്തിലും ചെയ്യാൻ കേന്ദ്ര ഗവൺമെന്റോ സംസ്ഥാന ഗവൺമെന്റോ തയ്യാറാകുന്നുണ്ടോ? കൃഷിക്കാരന്റെ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ എന്തെങ്കിലും ചെയ്യുന്നുണ്ടോ? നിത്യോപയോഗ സാധനങ്ങളുടെയും രാസവളത്തിന്റെയും വില വർദ്ധിച്ചു. അതിനനുസരിച്ച് കാർഷിക ഉല്പന്നങ്ങളുടെ വിലയിലും വർദ്ധനവുണ്ടാകേണ്ടതല്ലേ? ഇന്ത്യയിലെ പണപ്പെരുപ്പ നിരക്ക് 8%-നും 10%-നും ഇടയിലാണ് ഉയരുന്നത്. അതായത് 2011-ൽ ജീവിച്ചതുപോലെ റബ്ബർ കർഷകന് 2013-ലും ജീവിക്കണമെങ്കിൽ റബ്ബറിന്റെ വില 10%-മെങ്കിലും വർദ്ധിപ്പിക്കണം. സംഘടിതമായ മേഖലകളിലെ ജീവനക്കാർക്ക് ക്ഷാമബത്ത കൊടുക്കുന്നുണ്ട്. കൃഷിക്കാരന് അങ്ങനെ ഒരു അവകാശമില്ലേ; അവന്റെ ജീവിതനിലവാരം പിടിച്ചുനിർത്താൻ അതിൽ ഇടപെടാൻ ഗവൺമെന്റിന് ധാർമ്മികമായ ബാധ്യതയില്ലേ? കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ നിരന്തരമായ പ്രോത്സാഹനത്തിന്റെ ഫലമായിട്ടാണ് കേരളത്തിൽ റബ്ബർ കൃഷി വികസിപ്പിച്ചത്. ബാക്കിയെല്ലാ കൃഷികളും അവർ മാറ്റി. ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്ന വിളയാണ് റബ്ബർ എന്ന് വിശ്വസിച്ച് കൃഷി ചെയ്തവർ ഇന്ന് എന്ത് ചെയ്യണമെന്നറിയാതെ നോക്കിനിൽക്കുകയാണ്. അവർക്കു വേണ്ടി ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല. റബ്ബർ കർഷകർക്ക് വേണ്ടി എപ്പോഴും കണ്ണീരൊഴുക്കുന്ന ഒരു പാർട്ടി ഈ ഗവൺമെന്റിലും

കേന്ദ്രത്തിലെ യു.പി.എ.–യിലും പങ്കാളിയാണ്. എന്നിട്ട് എന്തെങ്കിലും ചെയ്തോ, റബ്ബറിന്റെ വില നിരന്തരമായി ഇടിഞ്ഞപ്പോൾ നിവേദനം കൊടുക്കാൻ പോകുകയാണ്. നിവേദനം ശ്രീ. പി. ചിദംബരം ചവറ്റുകൊട്ടയിലേയ്ക്ക് എറിഞ്ഞിട്ട് യാതൊരു തരത്തിലും ഇതൊന്നും ഇപ്പോൾ നടക്കില്ല എന്ന് പറയും. അതുകേട്ട് മടങ്ങിപ്പോരുകയാണ് ഇവർ ചെയ്യുന്നത്. തെരഞ്ഞെടുപ്പ് അടുത്ത ഈ സമയത്ത് കേരളത്തിലുടനീളം വൻപ്രതിഷേധമുയർന്നപ്പോൾ ഇത് പ്രതിസന്ധിയാകുമോ എന്ന് ഭയന്ന് കഷ്ടിച്ച് കൃഷിക്കാരന് യാതൊരു ഉപയോഗവുമില്ലാത്ത രീതിയിൽ ഇപ്പോൾ 30 രൂപ വർദ്ധിപ്പിച്ചു. അതുകൊണ്ട് അടിയന്തിരമായി മാർക്കറ്റിൽ ഇടപെടണം. കൃഷിക്കാരനിൽ നിന്ന് നേരിട്ട് റബ്ബർ സംഭരിക്കണം. വില ക്ലിപ്തമായി നിൽക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. അതിന് കേരള ഗവൺമെന്റ് തയ്യാറുണ്ടോ? അതിന് കേന്ദ്ര ഗവൺമെന്റിനെ പ്രേരിപ്പിക്കാൻ തയ്യാറുണ്ടോ എന്നുള്ളതാണ് ചോദ്യം. ഇക്കാര്യങ്ങളിലൊന്നും യാതൊരു തരത്തിലുള്ള നടപടികളും കേന്ദ്ര ഗവൺമെന്റും എടുക്കുന്നില്ല. കേരള ഗവൺമെന്റ് എടുക്കാവുന്ന നടപടികളും എടുക്കുന്നില്ല. കേന്ദ്രത്തിൽ നിന്ന് വില സ്ഥിരതാ ഫണ്ടിൽ നിന്ന് 100 കോടി രൂപ വാങ്ങിക്കണം. ഇതുവരെ ആവശ്യപ്പെട്ടിട്ടില്ല. മുഖ്യമന്ത്രി നിവേദനം നൽകിയപ്പോൾ ശ്രീ. ആനന്ദ് ശർമ്മ ഒരു മറുപടിയും പറഞ്ഞില്ല. 100 കോടി രൂപയെങ്കിലും വിലസ്ഥിരതാ ഫണ്ടിൽ നിന്ന് വാങ്ങണം. അതുപയോഗിച്ച് അടിയന്തിരമായി മാർക്കറ്റിൽ ഇടപെട്ട് ഈ റബ്ബർ സംഭരണം നടത്തണം. അതുകൊണ്ട് മാത്രമേ കൃഷിക്കാരനെ സഹായിക്കാൻ പറ്റുകയുള്ളൂ. ഈ ഗുരുതരമായ സ്ഥിതിവിശേഷം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് പറഞ്ഞ കാര്യങ്ങളോട് ഗവൺമെന്റിന് വലിയ ആഭിമുഖ്യമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന് ഉത്കണ്ഠയുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ റബ്ബറിന്റെ വില 100 രൂപയോളം ഇവിടെ താഴ്ന്നു. ഇത് ചെറുകിട കർഷകസമൂഹത്തെ മുഴുവൻ ബാധിക്കുന്നതാണ്. കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ ആകെ തകർക്കുന്ന കാര്യമാണ്. അതുകൊണ്ട് എന്തു വിലകൊടുത്തും റബ്ബറിന്റെ വില ഉയർത്തുന്ന കാര്യത്തിൽ ഗവൺമെന്റ് ബാധ്യസ്ഥമാണ്. വിപണിയിൽ ഇടപെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പിന്റെ വാദം 10 കോടി രൂപയെ മാറ്റിവച്ചിട്ടുള്ളൂ എന്നാണ്. ഒരു ഉത്കണ്ഠയും വേണ്ട. ബഡ്ജറ്റിൽ ഒരു റോഡിന് വേണ്ടി 100 രൂപയാണ് ടോക്കൺ പ്രൊവിഷനായി വയ്ക്കുന്നതെങ്കിൽ 100 രൂപ 10 കോടിരൂപയായി വർദ്ധിക്കും.

മി. സ്പീക്കർ: നോ, അദ്ദേഹം മറുപടി പറയട്ടെ. അതൊക്കെ ഫിനാൻസിലുള്ളതല്ലേ? 10 കോടി രൂപ വച്ചാൽ അതു മാത്രമല്ല വേറെയും എടുക്കാമല്ലോ. മുമ്പ് മന്ത്രിയായിരുന്നവർക്കും അറിയാവുന്നതാണല്ലോ. പ്ലീസ്...

ശ്രീ. കെ.എം. മാണി: സർ, 10 കോടി രൂപ വകയിരുത്തിയതിന്റെ അർത്ഥമെന്താണ്; എത്ര പ്രൊക്യുവർ ചെയ്താലും അതിനാവശ്യമായ തുക ധനകാര്യ വകുപ്പിൽ നിന്നും അവെയ്‌ലബിളാക്കികൊടുക്കും. അക്കാര്യത്തിൽ ഒരു ആശങ്കയുടെയും ആവശ്യമില്ല.

<u>ഡോ. റ്റി. എം. തോമസ് ഐസക്</u>: സർ, ആവശ്യമായ രൂപയെന്ന് പറയുമ്പോൾ അതിൽ രണ്ടു കാര്യങ്ങളുണ്ട്. എത്ര സംഭരിക്കാമെന്നതും എന്തു വിലയ്ക്ക് സംഭരിക്കാമെന്നുള്ളതുമാണ്. എന്ത് വിലയ്ക്കാണ് കേരള സർക്കാർ റബ്ബർ സംഭരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. കെ.എം. മാണി</u>: സർ, സഹകരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സഹകരണ ഡിപ്പാർട്ടുമെന്റ് അതിനൊരു സ്കീം ഉണ്ടാക്കാൻ പോകുകയാണ്. ആ സ്കീം ഉണ്ടാക്കിക്കഴിഞ്ഞാൽ അതിന് അനുസരിച്ച്, ന്യായവിലയ്ക്ക് സംഭരിക്കാൻ ആവശ്യമായ പണം അഷ്വേർഡാണ്. പ്രതിപക്ഷത്തിന് അതിനകത്ത് യാതൊരു ഉത്കണ്ഠയും ഉണ്ടാകേണ്ടതില്ല എന്നാണ് എനിക്ക് ആദ്യമേ പറയാനുള്ളത്. പിന്നെ വേറൊരു കാര്യം, വിപണന സംഘങ്ങൾ വഴി കൃഷിക്കാരിൽ നിന്നു മാത്രമേ സംഭരിക്കാവൂ, ആ കാര്യത്തിൽ പരിപൂർണ്ണമായ യോജിപ്പാണുള്ളത്. കച്ചവടക്കാരിൽ നിന്നല്ലാതെ കൃഷിക്കാരിൽ നിന്നായിരിക്കണം സംഭരണം, എന്നാൽ മാത്രമേ കൃഷിക്കാർക്ക് അതുകൊണ്ട് പ്രയോജനം ലഭിക്കുകയുള്ളൂ. അക്കാര്യത്തെ സംബന്ധിച്ചിടത്തോളം രണ്ട് അഭിപ്രായമില്ല. ഗവൺമെന്റ് അതനുസരിച്ചുള്ള നിർദ്ദേശങ്ങൾ നൽകുന്നതാണ്. അതുപോലെ ഇറക്കുമതിയെ സംബന്ധിച്ച് പ്രതിപക്ഷം പ്രകടിപ്പിച്ച വികാരത്തോട് ഗവൺമെന്റ് യോജിക്കുകയാണ്. ഇറക്കുമതി പാടില്ല, ഇവിടെ ആവശ്യം വന്നാൽ ഒരൽപ്പം മാർജിനലായി ഇറക്കുമതി ചെയ്യട്ടെ. പക്ഷേ അതിനൊരു പ്രിൻസിപ്പിളുണ്ട്. നമ്മൾ സ്വീകരിച്ചിരിക്കുന്ന പ്രിൻസിപ്പിൾ എപ്പോൾ ഇറക്കുമതി ചെയ്യുമ്പോഴും അത് റബ്ബർ ഉൽപ്പാദക സംസ്ഥാനങ്ങളുമായി മുൻകൂട്ടി ആലോചിച്ചുകൊണ്ടു മാത്രമേ ആകാവു എന്നുള്ളതാണ്. ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട റബ്ബർ ഉൽപ്പാദക സ്റ്റേറ്റ് എന്ന് പറയുന്നത് കേരളമാണ്. അതുകൊണ്ട് റബ്ബർ ഇറക്കുമതിക്ക് മുമ്പ് സംസ്ഥാന

ഗവൺമെന്റുമായി ആലോചിക്കാതെ, അഭിപ്രായം ആരായാതെ റബ്ബർ ഇറക്കുമതി ഉണ്ടാകാൻ പാടില്ല എന്ന കാര്യത്തിൽ സുനിശ്ചിതമായ ഒരു നിലപാടാണുള്ളത്. ഇൻഡിസ്ക്രിമിനേറ്റ് ആയിട്ടുള്ള റബ്ബറിന്റെ ഇറക്കുമതി തീർച്ചയായിട്ടും ഉൽകണ്ഠാജനകമായ ഒരു കാര്യമാണ്. അങ്ങനെയുള്ള ഇറക്കുമതി അവസാനിപ്പിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. രാജു എബ്രഹാം: സർ, സഹകരണ സംഘം പ്രോജക്ട് തയ്യാറാക്കി വിപണിയിൽ നിന്നും റബ്ബർ ശേഖരിക്കുന്ന കാര്യം അങ്ങ് പ്രഖ്യാപിച്ചു. അത് അംഗീകരിക്കുന്നു. പക്ഷേ തെരഞ്ഞെടുപ്പ് ഏത് സമയത്തും പ്രഖ്യാപിക്കും. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചുകഴിഞ്ഞാൽ ഒരു കിലോപോലും സംഭരിക്കാൻ കഴിയില്ല. അതുകൊണ്ട് ഈ സംഭരണം അടിയന്തരമായി, പരമാവധി ഒരാഴ്ചക്കുള്ളിൽ ആരംഭിക്കുമോ; എങ്കിൽ മാത്രമേ നടക്കുകയുള്ളൂ എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാവുന്നതല്ലേ;

ശ്രീ. കെ.എം. മാണി: അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയും. ഗവൺമെന്റ് അങ്ങനെ വെറുതെ പ്രഖ്യാപിക്കുകയല്ല ചെയ്യുന്നത്. റബ്ബർ കൃഷിക്കാരോട് വലിയ അനുകമ്പയാണ് ഗവൺമെന്റിനുള്ളത്. അത് ഇവിടത്തെ സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. ധനകാര്യ മന്ത്രിക്ക് അതിനേക്കാൾ കൂടുതൽ ഉത്കണ്ഠയുണ്ട്. അതുകൊണ്ട് പെട്ടെന്ന് വിപണിയിലിറങ്ങി ഇത് സംഭരിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, റബ്ബർ കർഷകരെ ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ ശ്രീ കെ. സുരേഷ്കുറുപ്പ് സൂചിപ്പിച്ച അതേ അഭിപ്രായങ്ങൾ തന്നെയാണ് ഗവൺമെന്റിനുമുള്ളത്. ബഹുമാനപ്പെട്ട

ധനകാര്യമന്ത്രിയും അത് വ്യക്തമാക്കികഴിഞ്ഞു. പക്ഷേ കർഷകർ ഈ പ്രശ്നങ്ങൾ നേരിടുമ്പോഴും ഗവൺമെന്റിൽ നിന്നുമൊരു ഇടപെടലുമുണ്ടാകുന്നില്ല എന്ന് പറയുന്നതിനോട് വിയോജിപ്പുണ്ട്. നമ്മുടെ എം.പി മാരും കേന്ദ്ര മന്ത്രിമാരും സംസ്ഥാന ഗവൺമെന്റുമെല്ലാം ഓരോ ദിവസവും ഇക്കാര്യത്തിൽ നിരന്തരമായ ജാഗ്രത പുലർത്തിയിരുന്നു, അതിന്റെ അടിസ്ഥാനത്തിലാണ് ഡ്യൂട്ടി സംബന്ധിച്ച് നമ്മൾ വച്ച നിർദ്ദേശം അവർ അംഗീകരിച്ചത്. കാർഷികരംഗത്ത് പൊതുവെ പിന്നിലാണെങ്കിലും റബ്ബർ കൃഷിയിൽ അഭിമാനകരമായ നേട്ടങ്ങളാണ് നമ്മൾ കൈവരിച്ചിരിക്കുന്നത്. എരിയ ഓഫ് കൾട്ടിവേഷൻ നോക്കിയാലും ടോട്ടൽ പ്രൊഡക്ഷൻ നോക്കിയാലും, അതിലുപരി പ്രൊഡക്റ്റിവിറ്റി നോക്കിയാലും ലോകത്ത് മറ്റെവിടെയുള്ളതിനേക്കാളും കൂടിയ പ്രൊഡക്റ്റിവിറ്റിയുള്ളത് ഇവിടെയാണ്, 1813 കിലോഗ്രാം പെർ ഹെക്ടർ. വിദേശ രാജ്യങ്ങളിലൊക്കെ അത് 1500 ആണ്. ഈ മൂന്ന് കാര്യത്തിലും നമുക്ക് അഭിമാനകരമായ നേട്ടമാണുള്ളത്. അതുപോലെ ഈ രംഗത്തുള്ളവരിൽ മഹാഭൂരിപക്ഷവും ചെറുകിട കർഷകരാണ്. ശ്രീ. സുരേഷ് കുറുപ്പ് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു, ചെറുകിട കർഷകരാണ് റബ്ബർ കർഷകരെന്നത് ഇപ്പോഴെങ്കിലും എല്ലാവരും അംഗീകരിക്കുന്നു എന്നുള്ളതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. സാധാരണക്കാരായ കൃഷിക്കാരുടെയും അതുപോലെത്തന്നെ തൊഴിലാളികളുടെയും ഏറ്റവും വലിയ ആശ്രയമായിട്ടുള്ള കൃഷിയാണ് റബ്ബർ കൃഷി. അതുകൊണ്ട് ഒരു വിധത്തിലും ഇതിനകത്ത് ബുദ്ധിമുട്ടേറിയ ഒരു സാഹചര്യം ഉണ്ടാകാൻ പാടില്ല. ഇറക്കുമതിയെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് എന്നും പറയുന്ന രണ്ടു കാര്യങ്ങളുണ്ട്. അതിലൊരു കാര്യം, സംസ്ഥാനങ്ങളോടു കൂടി ആലോ

ചിച്ചുവേണമെന്നുള്ളത് ഇവിടെ ധനകാര്യ മന്ത്രി സൂചിപ്പിച്ചു. ഇറക്കുമതി ചെയ്യുന്ന ക്വാണ്ടിറ്റി എത്രയെന്നുള്ളതും ഇറക്കുമതി ചെയ്യുന്ന സമയവും ഇതു രണ്ടും വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഇവിടെ പ്രൊഡക്ഷൻ കൂടി നിൽക്കുന്ന അവസരത്തിൽ ഇറക്കുമതി വന്നാൽ വില കുത്തനെ താഴോട്ടു പോകും. ആവശ്യത്തിലധികം ക്വാണ്ടിറ്റി വന്നാൽ അതും നമ്മളെ ബാധിക്കും. അതുകൊണ്ട് ഈ രണ്ടു കാര്യങ്ങളിലും ഒരു നിയന്ത്രണം വേണമെന്ന് സംസ്ഥാന ഗവൺമെന്റ് നിരന്തരമായി ശഠിക്കുകയും പൂർണ്ണമായി തൃപ്തികരമല്ലെങ്കിലും കേന്ദ്രഗവൺമെന്റ് ഇപ്പോൾ ഒരു കാര്യം അംഗീകരിച്ചിട്ടുണ്ട്. ഇറക്കുമതി നയങ്ങളിൽ, കർഷകരെകൂടി ബാധിക്കുന്ന പ്രശ്നങ്ങളിൽ റബ്ബർ ബോർഡുമായി കൺസൾട്ട് ചെയ്യുന്ന ഒരു സാഹചര്യം വന്നിട്ടുണ്ട്.

ഡോ. റ്റി. എം. തോമസ് ഐസക്: സർ, അങ്ങയോട് ഒരു ക്ലാരിഫിക്കേഷൻ ചോദിക്കുകയാണ്. ക്വാണ്ടിറ്റേറ്റീവ് റെസ്ട്രിക്ഷൻസ് മുഴുവൻ എടുത്തുകളഞ്ഞു. എത്ര ഇറക്കുമതി ചെയ്യാമെന്ന്, എത്ര ടൺ എന്നുള്ള നിയന്ത്രണങ്ങളില്ല. ഇനി ആകെ ഡ്യൂട്ടി മാത്രമേയുള്ളൂ. 30 രൂപ മാക്സിമം ഫിക്സ് ചെയ്താൽ റബ്ബർ ബോർഡല്ല, ആരോട് എങ്ങനെ ചർച്ച ചെയ്യുമെന്നാണ് പറയുന്നത്; അങ്ങനെ ചർച്ച ചെയ്തിട്ടെന്താണ് ഗുണമുള്ളത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നമ്മുടെ പ്രൊഡക്ഷന്റെ കണക്ക് റബ്ബർ ബോർഡിന്റെ കൈവശമുണ്ട്. ഇവിടെ കൺസ്യൂം ചെയ്യുന്ന റബ്ബറിന്റെ.....

ഡോ. റ്റി. എം. തോമസ് ഐസക്: സർ, ഞാനൊന്നുകൂടി ക്ലാരിഫൈ ചെയ്യാം. ഇറക്കുമതിയുടെ മേൽ രണ്ടുതരത്തിലുള്ള നിയന്ത്രണങ്ങളാണുള്ളത്. ഒന്ന്, ക്വാണ്ടിറ്റേറ്റീവ് റെസ്ട്രിക്ഷൻസ് – ഇത്ര ക്വാണ്ടിറ്റി മാത്രമേ ഇറക്കുമതി ചെയ്യാൻ പാടുള്ളൂ. രണ്ട്, ഇറക്കുമതി ചെയ്യുകയാണെങ്കിൽ ഇത്ര ശത

മാനം നികുതി നൽകണം. ക്വാണ്ടിറ്റേറ്റീവ് റെസ്ട്രിക്ഷൻസ് പരിപൂർണ്ണമായി എടുത്തു കളഞ്ഞു. എന്തെങ്കിലും ബാക്കിയുണ്ടായിരുന്നെങ്കിൽ ആസിയാൻ കരാർ വന്നപ്പോൾ അതും പോയി. പിന്നെ ആരുമായി ചർച്ച ചെയ്തിട്ടാണ് കാര്യമുള്ളത്?

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട മുൻ ധനകാര്യമന്ത്രി, ഇങ്ങനെ പറഞ്ഞ് ആളുകളെ ഭയപ്പെടുത്താൻ നോക്കേണ്ടതില്ല. റബ്ബർ ബോർഡിന്റെ കൈയിൽ ഇവിടത്തെ പ്രൊഡക്ഷന്റെ കണക്കുണ്ട്, ഇവിടത്തെ ഇൻഡസ്ട്രിയ്ക്ക് ആവശ്യമായിട്ടുള്ള ഉപഭോഗമെത്രയാണെന്നുള്ളതിന്റെ കണക്കുണ്ട്, അതുമായി ബന്ധപ്പെടുത്തിയാണ് ഈ ബാലൻസിംഗ് നടത്തിക്കൊണ്ടുപോകുന്നത്. ഏതായിരുന്നാലും നമ്മുടെ നിലപാട് ക്വാണ്ടിറ്റി നിശ്ചയിക്കുന്നതിലും അതിന്റെ ടൈമിംഗ് നിശ്ചയിക്കുന്ന കാര്യത്തിലും റബ്ബർ ബോർഡിനുകൂടി വ്യക്തമായ അഭിപ്രായമുണ്ടായിരിക്കണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട ശ്രീ. കെ. സുരേഷ്കുറുപ്പ് ഇത്രയും സംസാരിച്ചപ്പോൾ ഒരു കാര്യം മാത്രം പറഞ്ഞില്ല, ഇന്റർനാഷണൽ പ്രൈസ്. ഇന്റർനാഷണൽ പ്രൈസിൽ വന്ന തുടർച്ചയായിട്ടുള്ള വീഴ്ചയാണ്, താഴോട്ട് പോക്കാണ് നമ്മളെ ബാധിച്ചത്. അതുകൊണ്ട് ഡ്യൂട്ടിയുടെ കാര്യത്തിൽ നടപടിയെടുത്തു. ഒരു കാര്യം വ്യക്തമാണ്. ഇന്ന് നിശ്ചയിച്ചിട്ടുള്ള ഡ്യൂട്ടികൂടി അടച്ചിട്ട് ഇന്റർനാഷണൽ പ്രൈസിൽ വാങ്ങി ഇവിടെ കൊണ്ടുവന്നാൽ ഇവിടത്തെ റബർ വാങ്ങുന്നതിനേക്കാൾ കൂടിയ വില കൊടുക്കേണ്ടി വരും എന്നുള്ളത് ഉറപ്പായിട്ടുണ്ട്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അതാണ് ഗവൺമെന്റ് സമയോചിതമായി ഇടപെടണമെന്ന് പറഞ്ഞത്.

ഡോ. റ്റി. എം. തോമസ് ഐസക്: സർ, ഒൻപത് രൂപ വ്യത്യാസമുണ്ടെന്നു പറയുമ്പോൾ അങ്ങ് മറന്നുകളയുന്നത്, ഇവിടുത്തെ വാറ്റ് ടാക്സ്, അതിന് കൗണ്ടർവാല്യൂ ഡ്യൂട്ടി ഇല്ല. ആ അഡ്വാന്റേജും കൂടി മാറ്റിക്കഴിഞ്ഞാൽ നിസ്സാര വ്യത്യാസമേയുള്ളൂ. അതുകൊണ്ട് ഈ ഒൻപത് രൂപ വ്യത്യാസം ഇന്റർനാഷണൽ പ്രൈസും കേരളത്തിലെ പ്രൈസും തമ്മിലുണ്ടെന്ന് പറയുന്നത് അതിശയോക്തിപരമാണ്. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി, അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇവിടെ ഇറക്കുമതി ചെയ്തിരിക്കുന്ന മഹാഭൂരിപക്ഷവും ബ്ലോക്ക് റബ്ബറാണ്. ഷീറ്റ് റബ്ബർ ബ്ലോക്ക് റബ്ബറിന്റെ നാൽപ്പത് ശതമാനം മാത്രമാണ് ഇറക്കുമതി ചെയ്തിട്ടുള്ളത്. ബ്ലോക്ക് റബ്ബറിന് വിദേശത്ത് 120 രൂപയും ഷീറ്റ് റബ്ബറിന് ഇവിടെ 142 രൂപയുമാണുള്ളത്. ഇറക്കുമതി ചെയ്യുന്ന റബ്ബറിന് ഡ്യൂട്ടികൂടി അടച്ച് ഇവിടെ കൊണ്ടുവരാൻ ലാഭകരമല്ലാത്ത രീതിയിൽ ആക്കിയിട്ടുണ്ട്. എന്നാലും റബ്ബർ കർഷകർക്ക് സഹായം വേണം, സഹായം കൊടുത്തേ മതിയാകൂ. അതുകൊണ്ടാണ് കർഷകരിൽ നിന്ന് റബ്ബർ സംഭരിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുള്ളത്. ഇവിടെ ധനകാര്യ വകുപ്പുമന്ത്രി പത്തുകോടി രൂപയെന്ന് പറഞ്ഞത് കണക്കാക്കേണ്ട കാര്യമില്ല. പത്തുകോടി രൂപയല്ല, ആവശ്യാനുസരണം തുക ലഭിക്കും. ഇന്ന് ഏഴ് മണിക്ക് ഞങ്ങൾ യോഗം വിളിച്ചിരിക്കുകയാണ്. ഇന്നലെ യോഗം വിളിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. പക്ഷേ, ഇതുമായി ബന്ധപ്പെട്ട ഏജൻസികളായ റബ്ബർ ബോർഡ്, നാഫെഡ്, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, മാർക്കറ്റിംഗ് ഫെഡറേഷൻ തുടങ്ങിയ നാല് ഏജൻസികളെകൂടി വിളിക്കേണ്ടി വന്നതു

കൊണ്ടാണ് ഇന്നലത്തെ യോഗം ഇന്നത്തേയ്ക്ക് മാറ്റേണ്ടി വന്നത്. ഇന്ന് ഏഴു മണിക്ക് യോഗം ചേരുന്നുണ്ട്. ധനകാര്യ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, സഹകരണ വകുപ്പുമന്ത്രിയുമടക്കം ഇതുമായി ബന്ധപ്പെട്ട എല്ലാ മന്ത്രിമാരും എല്ലാ ഉദ്യോഗസ്ഥന്മാരും യോഗത്തിൽ പങ്കെടുക്കും. ഈ നാല് സ്ഥാപനങ്ങളിൽ നിന്നുള്ള റബ്ബർ ബോർഡ് ചെയർമാൻമാരെയും വിളിച്ചിട്ടുണ്ട്. നാഫെഡിന്റെയും റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെയും മാർക്കറ്റിംഗ് ഫെഡറേഷന്റെയും പ്രതിനിധികളെയും വിളിച്ചിട്ടുണ്ട്. ഇവർ പങ്കെടുക്കുന്ന യോഗത്തിൽവച്ച്, എങ്ങനെയാണ് റബ്ബർ സംഭരിക്കേണ്ടതെന്നും ആരൊക്കെ സംഭരിക്കാൻ മുന്നോട്ടുവരുന്നുവെന്നും അതിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നുമുള്ള കാര്യങ്ങളെക്കുറിച്ച് ഇന്ന് തീരുമാനിക്കും. റബ്ബർ സംഭരണത്തിന്റെ കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് മാർക്കറ്റിൽ നിന്നും വാങ്ങി സ്റ്റോക്ക് ചെയ്യുകയെന്നുള്ളതാണ്. ഇന്ന് ചേരുന്ന യോഗത്തിൽ എല്ലാവരുടെയും അഭിപ്രായം അറിഞ്ഞതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കുകയുള്ളൂ. മാർക്കറ്റിൽ വാങ്ങുന്ന വിലയേക്കാൾ കൂടുതൽ, എത്ര പേരിൽ നിന്ന് വാങ്ങുന്നുവോ അവർക്ക് പ്രയോജനം കിട്ടുന്ന സാഹചര്യമല്ല, മറിച്ച് നമ്മളും റബ്ബർ വാങ്ങി സ്റ്റോക്ക് ചെയ്ത് മാർക്കറ്റിൽ നിന്ന് കൂടുതൽ റബ്ബർ വിത്ത്ഡ്രോ ചെയ്യുന്ന സാഹചര്യമുണ്ടാക്കി മൊത്തത്തിൽ വില വർദ്ധിപ്പിക്കുന്ന സ്ട്രാറ്റജിയായിരിക്കും സ്വീകരിക്കുന്നത്. ഇന്നുതന്നെ അത് സംബന്ധിച്ച് തീരുമാനമെടുക്കും. ഏറ്റവും വേഗത്തിലും ഫലപ്രദമായ രീതിയിലും റബ്ബർ സംഭരണം നടപ്പിലാക്കും. വിലയിടിയുന്ന ഇന്നത്തെ സാഹചര്യത്തിലൊരു മാറ്റം വരുത്തി റബ്ബർ കർഷകർക്ക് പരമാവധി സഹായം ചെയ്തുകൊടുക്കും. അതിന് പണമൊരു പ്രശ്നമല്ലായെന്നുകൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. കേന്ദ്ര ഗവണമെന്റിന്റെ സഹായം ഇക്കാര്യങ്ങളിൽ ഉണ്ടാകു

മെന്ന് ഉറപ്പുണ്ട്. അതുകൂടി വാങ്ങിക്കൊണ്ടായിരിക്കും നമ്മൾ ഇക്കാര്യത്തിൽ മുന്നോട്ടു നീങ്ങുന്നത്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അങ്ങ് ഇവിടെ പറഞ്ഞ കാര്യങ്ങളോട് യോജിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ആദ്യം ഇരുപത് രൂപയും പിന്നെ മൂപ്പത് രൂപയുമെന്ന നിലയിൽ ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്. 2,65,000 ടൺ റബ്ബറാണ് ഇറക്കുമതി ചെയ്തത്. 3,00,000 ടൺ ഇറക്കുമതി ചെയ്യുമെന്നാണ് പറഞ്ഞിരുന്നത്. ഏറ്റവും കുറഞ്ഞത് എണ്ണൂറ് കോടി രൂപയെങ്കിലും കേന്ദ്ര ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. റബ്ബർ ഇറക്കുമതിയിലെ ടാക്സ് മുഖേന കേന്ദ്ര ഗവൺമെന്റിന് കിട്ടിയ എണ്ണൂറ് കോടി രൂപ കേരളത്തിലെ കർഷകർക്ക് കിട്ടാൻ വേണ്ടി ഒരു സർവ്വകക്ഷി യോഗം പോയി കേന്ദ്രത്തിൽ സമ്മർദ്ധപ്പെടുത്തുമോ?

ശ്രീ. രാജു എബ്രഹാം: സർ, ഇപ്പോൾ ഇന്ത്യയിലെ എല്ലാ തുറമുഖങ്ങളിലേയ്ക്കും ഇറക്കുമതി റബ്ബർ കൊണ്ടുവരാം. 14 വർഷം മുമ്പ് ഏറ്റവും പ്രധാനമായി എടുത്തത് ഒരു പോർട്ടിൽകൂടി മാത്രമേ ഇറക്കുമതി റബ്ബർ കൊണ്ടുവരാൻ പാടുള്ളൂവെന്നാണ്. അന്ന് കൽക്കട്ട പോർട്ടിലൂടെ മാത്രമാണ് കൊണ്ടുവന്നിരുന്നത്. അങ്ങനെയൊരു ആവശ്യം അങ്ങ് കൊടുത്ത പത്രവാർത്തയിൽ കണ്ടില്ല. അടിയന്തരമായി ഇറക്കുമതി ഒരു പോർട്ടാക്കി, 14 വർഷം മുമ്പ് ചെയ്ത് വിജയിച്ച ആ സംരംഭം കൂടി നടത്താൻ അങ്ങ് കേന്ദ്രത്തിൽ ആവശ്യപ്പെടുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങനെയൊരു ആവശ്യം ഇപ്പോൾ നമ്മൾ ഉന്നയിച്ചിട്ടില്ല. ഇതിന്റെ എല്ലാ വശങ്ങളെയുംക്കുറിച്ച് ആലോചിച്ചുകൊണ്ടുള്ള തീരുമാനം ഇന്നത്തെ മീറ്റിംഗിൽ എടുക്കും. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്,

വാണിജ്യ മന്ത്രാലയത്തിന്റെ കീഴിൽ പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് ട്രസ്റ്റ് കേന്ദ്ര ഗവൺമെന്റിനുണ്ടെന്നാണ്. എല്ലാ കമ്മോഡിറ്റീസിനുവേണ്ടി യുമുള്ള പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് ട്രസ്റ്റുണ്ട്. അതിൽ നിന്നാണ് നമ്മൾ നൂറ് കോടി രൂപ ചോദിച്ചത്. അതല്ലെങ്കിൽ അവർ നേരിട്ട് സംഭരണം നടത്തണമെന്ന് പറഞ്ഞു. അവർ നേരിട്ട് സംഭരണം നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാനാണ് ശ്രീ. ആനന്ദ് ശർമ്മ വാണിജ്യ മന്ത്രാലയ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഏതായാലും നമ്മൾ ഈ ഓപ്പറേ ഷൻ നടത്തുന്നതോടൊപ്പംതന്നെ കേന്ദ്രത്തിന്റെ സഹായത്തോടുകൂടി കിട്ടുന്ന മാർഗ്ഗങ്ങളും തേടും. തെരഞ്ഞെടുപ്പ് ഇതിനൊരു പ്രശ്നമാകില്ല. തെരഞ്ഞെടുപ്പ് ഇതിന് ബാധകമാകാത്ത വിധത്തിൽ, തെരഞ്ഞെടുപ്പിന്റെ നോട്ടിഫിക്കേഷൻ വരുന്നതിനുമുമ്പ് തന്നെ ഇതിന്റെ ഓപ്പറേഷൻനമ്മൾ ആരംഭിച്ചിരിക്കും. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ പ്രശ്നം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണ മെന്ന് ചെയർ കരുതുന്നില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കഴിഞ്ഞ നാലുവർഷത്തിനിടയിൽ ഏറ്റവും വലിയ റബ്ബർ ഇറക്കുമതിയാണ് ഈ വർഷം നടത്തിയിരിക്കുന്നത്. വൻതോതിൽ റബ്ബർ ഇറക്കുമതി ചെയ്തതു മൂലം നമ്മുടെ കർഷകരുടെ റബ്ബർ കെട്ടിക്കിടക്കുകയാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ ഇവർക്ക് കഴിഞ്ഞിട്ടുണ്ടോ? അവിടെ പോയി പല രേയും കാണുന്നു, വരുന്നു, തിരിച്ചുപോകുന്നു, കോൺഗ്രസ്സിന്റെ പ്രശ്നത്തെ

സംബന്ധിച്ച് ചർച്ച ചെയ്തിട്ട് പോകുന്നതല്ലാതെ ഇക്കാര്യത്തെക്കുറിച്ച് വല്ലതും പറയുന്നുണ്ടോ? ആസിയാൻ കരാർ കർഷകന്റെ നടുവൊടിക്കുമെന്നുള്ളത് ഇത് നടപ്പിലാക്കിയ ഘട്ടത്തിൽ ഞങ്ങൾ പറഞ്ഞിരുന്നതാണ്. ഇപ്പോൾ എന്തായി? ആസിയൻ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത റബ്ബറല്ലെ കെട്ടിക്കിടക്കുന്നത്. പിന്നെ എങ്ങനെയാണ് നമ്മുടെ കർഷകർക്ക് നല്ല വില ലഭിക്കുന്നത്. കേരളത്തിലെ മറ്റെല്ലാ വിളകളും നഷ്ടത്തിലാവുകയും കർഷകർ ദുരിതത്തിലാവുകയും ചെയ്തപ്പോൾ ആകെയുണ്ടായിരുന്ന കച്ചിത്തുരുമ്പായിരുന്നു റബ്ബർ. അതുകൂടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധനയം മൂലം തകർന്നില്ലേ. റബ്ബർ കർഷകർക്കുവേണ്ടി കണ്ണുനീർ വീഴ്ത്തുന്ന ആളാണല്ലോ ധനകാര്യ വകുപ്പുമന്ത്രി. എന്തുപറ്റി നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിക്ക്? റബ്ബർ കർഷകർക്കുവേണ്ടി ശ്രീ. കെ. എം. മാണി കണ്ണുനീരൊഴുക്കികൊണ്ടിരിക്കുകയാണ്. ഗ്ലിസറിൻ പുരട്ടി ആയിരുന്നോ അത്? റബ്ബർ വില ഇടിവിന്റെ ഫലമായി കേരളത്തിന്റെ സമ്പദ്സ്ഥിതി ആകെ താറുമാറാകും. ഇത്രയും ഗൗരവതരമായ കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതല്ലേ. അതിനുശേഷം പോരെ ധനവിനിയോഗ ബില്ലിന്റെ ചർച്ച. ഒന്നും പറഞ്ഞിട്ട് കാര്യമില്ല. നിങ്ങൾക്ക് ജനങ്ങളുടെ ജീവിതമല്ലല്ലോ പ്രശ്നം. അഴിമതിയും തട്ടിപ്പും വെട്ടിപ്പും മാത്രമല്ലേ നിങ്ങളുടെ അജണ്ടയിലുള്ളൂ. നിങ്ങളുടെ ജനവിരുദ്ധ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ പന്ത്രണ്ട് ലക്ഷം റബ്ബർ കർഷകർക്ക് അവരുടെ ഉത്പന്നത്തിന് ന്യായമായ വില കിട്ടണമെന്നുള്ള തികച്ചും മിതമായ ആവശ്യമാണ് അടിയന്തരപ്രമേയത്തിലൂടെ ഞങ്ങൾ ഉന്നയിച്ചത്. ഇതിന്റെ നയം നമ്മൾ തീരുമാനിക്കുന്നതല്ല. കേന്ദ്ര സർക്കാരിന്റെ അശാസ്ത്രീയമായ സമീപനം കൊണ്ടാണ് ഇഷ്ടം പോലെ റബ്ബർ ഇവിടെ ഇറക്കുമതി ചെയ്തതും കൃഷിക്കാരുടെ നടുവൊടിഞ്ഞതും. ഇന്ത്യയിൽ കഴിഞ്ഞ കുറേ കാലങ്ങളായി എല്ലാ കാർഷിക മേഖലകളും ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. വയനാട്ടിൽ കർഷകർ ആത്മഹത്യ ചെയ്ത സംഭവങ്ങൾ വീണ്ടും ആവർത്തിക്കാനിടവരും. ഈ റബ്ബർ കൃഷിക്കാർ കൂടി പാപ്പരായാൽ കേരളത്തിന്റെ സമ്പദ്ഘടനയുടെ ഭാവി എന്തായിരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, വളരെ ന്യായമായ കാര്യമാണ്. ഇത് റബ്ബർ കൃഷിക്കാരെ മാത്രം ബാധിക്കുന്ന കാര്യമല്ല ഓരോ മരത്തിനെയും ചുറ്റി വലിയ ഒരു വിഭാഗം റബ്ബർ ടാപ്പിംഗ് തൊഴിലാളികളുണ്ട്. അവരുടെ തൊഴിൽ നഷ്ടപ്പെടുകയും വരുമാനം കുറയുകയും ചെയ്യും. ഉത്പന്നത്തിന് വില കുറയുന്നു. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്, ഇത് പ്രതിരോധിക്കാനുള്ള സമീപനങ്ങളാണ് കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ളതെന്നാണ്. അതുകൊണ്ട് ഇത് നിൽക്കുമോ? ഒരുഭാഗത്ത് റബ്ബർ ഇറക്കുമതി നിർബാധം തുടരുന്നു മറുഭാഗത്ത് ആനന്ദ ശർമ്മ ആരുപറഞ്ഞാലും കേൾക്കാതിരിക്കുകയും ചെയ്യുന്നു. എട്ട് കേന്ദ്ര മന്ത്രിമാരും പതിനാറ് എം.പി.മാരും കേരളത്തിൽ നിന്നുണ്ടായിട്ടാണ് ഇങ്ങനെയൊരു കടന്നാക്രമണം കേരളത്തിനുനേരെ നടത്തിയിരിക്കുന്നത്. ഇടതുപക്ഷം ഭരിക്കുകയാണെങ്കിൽ മനസ്സിലാക്കാം, ശ്രീ. കെ. എം. മാണി ഭരിച്ചിട്ടുപോലും യാതൊരു നിയന്ത്രണവുമില്ലാതെ കേരളത്തിൽ ഒരുകാലത്തുമില്ലാത്ത തരത്തിൽ റബ്ബർ കൃഷിക്കാ

രുടെ നടുവൊടിഞ്ഞാൽ, അവർ പാപ്പരായാൽ അതിനെ തടുക്കാനുള്ള ചെറിയ വേലകളാണ് 30 രൂപ കൂട്ടുമെന്നും കമ്പോളത്തിൽ ഇടപെടുമെന്നും പറയുന്നത്. കേരള കോൺഗ്രസ്സിന്റെ നയം കേന്ദ്രത്തിന്റെ മൂടുതാങ്ങി യാണോ? കേരളത്തിലെ കർഷകർക്കുവേണ്ടിയല്ലേ കേരള കോൺഗ്രസ് എല്ലാകാലത്തും നിലനിന്നിട്ടുള്ളത്. എന്തുകൊണ്ടാണ് ശ്രീ. കെ. എം. മാണി കേന്ദ്രത്തിന്റെ തലതിരിഞ്ഞ കർഷക ദ്രോഹമായ ഈ നയത്തിനെതിരായി നാവനക്കുന്നില്ല. അധികാരമാണോ വലുത്? കർഷകരോട്, റബ്ബർ കൃഷിക്കാ രോട് നീതി പുലർത്തുന്നുണ്ടോ കേരള കോൺഗ്രസ്? അവരുടെ ആളുകളെ കാണാനില്ല; കേരള കോൺഗ്രസ്സിന്റെ അർത്ഥമെന്താണ്? കേരളത്തിലെ കർഷ കരുടെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ലെങ്കിൽ കോൺഗ്രസ്സിൽ ചേരണം. നിങ്ങൾ എന്തിനാണ് അവിടെ പോയിരിക്കുന്നത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, റബ്ബറിനു വില ഇടിഞ്ഞപ്പോൾ റബ്ബർ കൃഷിക്കാർക്ക് വേണ്ടി നിരന്തരമായി സമരം ചെയ്ത കേരള കോൺഗ്രസ്സിനെ നോക്കി തോട്ടം ഉടമകൾക്ക് വേണ്ടി സമരം ചെയ്യുന്നുവെന്ന് പറഞ്ഞ് ആക്ഷേപിച്ച സി.പി.ഐ. നേതാക്കൾ ഇപ്പോൾ മുതലക്കണ്ണുനീർ പൊഴിക്കുന്നതിൽ ഞങ്ങൾക്ക് അത്ഭുതം തോന്നിപ്പോവുകയാണ്. കേരള കോൺഗ്രസ്സ് എന്നും കൃഷിക്കാർക്ക് വേണ്ടി പ്രതിജ്ഞാബദ്ധമായി നിൽക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഞങ്ങൾ ഈ നടപടിയെ ശക്തിയുക്തമായി എതിർക്കും. കേന്ദ്ര ഗവൺമെന്റിന്റെ നയം തിരുത്തണമെന്നതിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ഞാൻ ചോദിച്ചതിനല്ല അങ്ങ് മറുപടി പറഞ്ഞത്. കേന്ദ്ര ഗവൺമെന്റിന്റെ നയത്തെ താങ്കൾ എതിർക്കുന്നുവെന്ന് പറയുന്നതിന് സി.പി.ഐ.ക്കാരെ ആക്ഷേപിച്ചിട്ട് വല്ല കാര്യവുമുണ്ടോ; ആ കസേരയിലിരുന്നുകൊണ്ട് ആത്മാർത്ഥമായി കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരായി പരസ്യമായി ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. ആത്മാർത്ഥതയുണ്ടെങ്കിൽ നമുക്ക് യോജിച്ച് സമരം ചെയ്യാം.

<u>ശ്രീ. കെ. എം. മാണി</u>: സർ, തീവണ്ടി സമരവും തേങ്ങാ സമരവും നടത്തിയ ഞങ്ങൾ ഈ ഭരണപക്ഷത്തിരുന്നുകൊണ്ട് തന്നെ കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളുണ്ടെങ്കിൽ അതിനെതിരെ ശക്തമായി സംസാരിക്കും. കേന്ദ്ര ഗവൺമെന്റിന്റെ റബ്ബർ നയം തിരുത്തേണ്ടത് ആവശ്യമാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, അക്കാര്യത്തിലാണ് എനിക്ക് യോജിപ്പുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ ഈ നയം തിരുത്താനുള്ള കേരള കോൺഗ്രസ്സിന്റെ ധീരമായ നടപടിയാണ് കേരളത്തിലെ റബ്ബർ കർഷകർ പ്രതീക്ഷിക്കുന്നത്. അതുണ്ടാവണം. എനിക്കറിയാം നിങ്ങൾക്ക് വേദനിക്കുമെന്ന്. ശ്രീ. കെ. എം. മാണി കേരളത്തിലെ റബ്ബർ കർഷകരുടെ കുത്തക അവകാശപ്പെടുന്നതുകൊണ്ട് ഞാൻ വെറെ അപകടമൊന്നും പറയുന്നില്ല. ശ്രീ. തോമസ് ഉണ്ണിയാടൻ മനസ്സിൽ ഓർക്കുന്നത് നന്നായിരിക്കും, കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി റബ്ബർ കൃഷിക്കാർ കുത്തുപാളയെടുക്കാൻ പോകുകയാണ്. അതിനെതിരായിട്ടുള്ള നിങ്ങളുടെ സമരങ്ങൾ പ്രകടമായും പരസ്യമായും രംഗത്തു വന്നാൽ തീർച്ചയായിട്ടും കേരളത്തിലെ ജനങ്ങളുടെ ആനുകൂല്യം ഉണ്ടാകും. അതിന് ശ്രീ. കെ. എം. മാണി തയ്യാറുണ്ടോ; ഇതൊന്നു ചർച്ച ചെയ്യാൻ പോലും മാണിസാർ സമ്മതിക്കുന്നില്ലല്ലോ; ചർച്ച ചെയ്യണമെ

ങ്കിൽ മുഖ്യമന്ത്രിയോടു പറയണം ഇതൊരു ഗരുതരമായ പ്രശ്നമാണ്, ഞങ്ങളുടെ പാർട്ടിയെ സംബന്ധിക്കുന്ന പ്രശ്നമാണ്, ഞങ്ങൾക്കിതിൽ തുടരാൻ പറ്റുകയില്ല അതുകൊണ്ട് ചർച്ച ചെയ്യണമെന്നെങ്കിലും പറയണം. അതിനു പോലും സന്നദ്ധത കാണിക്കാത്ത ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്ക് ഔട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. ജോസ് തെറ്റയിൽ: സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ചർച്ച ചെയ്തപ്പോൾ ഒരു കാര്യം വ്യക്തമായി, ഉള്ളിൽ ബോധമുണ്ട് പക്ഷെ വിളിച്ചാൽ മിണ്ടില്ല. പ്രശ്നം വളരെ ഗുരുതരമാണെന്ന് എല്ലാവരും അംഗീകരിക്കുന്നുണ്ട്. പക്ഷെ കാര്യം നിസ്സാരമാണെന്നുള്ള അവതരണമാണ്. വളരെ ഗുരുതരമായ ഒരു കാര്യത്തെക്കുറിച്ചാണ് ശ്രീ. കെ. സുരേഷ് കുറുപ്പ് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചത്. റബ്ബറിന്റെ വിലയിടിവ് കേരളത്തിലെ ചെറുകിട കർഷകരെ ഏറ്റവും കൂടുതൽ ബാധിക്കുന്നു എന്നുള്ള കാര്യത്തിൽ തർക്കമില്ലാത്ത കാര്യമാണ്. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ നമുക്ക് ദോഷകരമാണെന്നുള്ള കാര്യത്തിൽ എല്ലാവർക്കും ഒരേ അഭിപ്രായമാണ്. എന്നാൽ എന്തുചെയ്യണം എന്നുള്ളതിനെക്കുറിച്ചാണ് നമുക്ക് ചർച്ച ചെയ്യേണ്ടത്. ഫെർട്ടിലിറ്റി കാര്യത്തിലും പ്രൊഡക്ടിവിറ്റി കാര്യത്തിലും നമ്മളെല്ലാം ഒന്നാണ്. പക്ഷെ വിലയുടെ കാര്യത്തിൽ നമുക്ക് പരിഗണനയില്ല. അതാണ് നമ്മുടെ വിഷയം. ഇതിന് എന്ത് ചെയ്യണമെന്നുള്ളതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിക്കുമെന്ന് പറയുന്നുണ്ട്. അത് വളരെ

നല്ല കാര്യമാണ്. ഈ സഭയിലെ വിവിധ കക്ഷികളിലെ അംഗങ്ങൾക്ക് എന്താണ് അഭിപ്രായം എന്നുള്ളതിനെക്കുറിച്ച് ചർച്ച ചെയ്യാൻ എന്താണ് താമസം. ഞങ്ങളാരും വിരോധക്കാരല്ല. എല്ലാവരും ഒരേ അഭിപ്രായക്കാരാണ്. സംസ്ഥാനത്തിന്റെ ധനകാര്യ വകുപ്പുമന്ത്രികൂടിയായ ശ്രീ. കെ. എം. മാണി അതിതീവ്രവും ശക്തവുമായ ഭാഷയിലാണ് കേന്ദ്ര സർക്കാരിന്റെ നയം തിരുത്തണമെന്ന് അഭിപ്രായപ്പെടുന്നത്. അത്രയും ഗൗരവമായ ഒരു കാര്യത്തിലുള്ള നയം തിരുത്തണമെങ്കിൽ നമ്മുടെ നയം എന്തായിരിക്കണമെന്നും നമ്മുടെ സമീപനം എന്തായിരിക്കണമെന്നും കേന്ദ്ര സർക്കാരിന് നിവേദനം കൊടുത്ത് മടങ്ങി പോന്നാൽ മതിയോ അതല്ലാതെ എന്തൊക്കെയാണ് ആവശ്യപ്പെടേണ്ടതെന്നുള്ള കാര്യങ്ങളെക്കുറിച്ച് ഒറ്റക്കക്ഷിയായി എല്ലാവരും ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് തീരുമാനിക്കാൻ എന്ത് ബുദ്ധിമുട്ടാണുള്ളത്. അത്തരത്തിൽ ഈ പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യാനുള്ള നിഷേധാത്മകമായ ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ജോസ് തെറ്റയിലും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ. എ. അസീസ്: സർ, 12 ലക്ഷത്തോളം വരുന്ന റബ്ബർ കർഷകരും മുൻകാലങ്ങളിൽ കാർഷിക വൃത്തിയിലേർപ്പെട്ടിരുന്നവരും ആത്മഹത്യ ചെയ്യാൻ ഇടയായ ഒരു സംസ്ഥാനമാണ് നമ്മുടേത്. ഇൻഡ്യയിലാകെ കടക്കെണിമൂലം കർഷകർ ആത്മഹത്യ ചെയ്തു. എന്നാൽ അതിൽ നല്ലൊരു വിഭാഗം കർഷകർ ആത്മഹത്യ ചെയ്ത സംസ്ഥാനം നമ്മുടേതാണ്. ഇന്നത്തെ നില തുടർന്നാൽ ഇനി റബ്ബർ കർഷകരും ഒരു പക്ഷെ ആത്മഹത്യ

ചെയ്യേണ്ടതായിട്ടുവരും. ആസിയാൻ കരാർ നടപ്പാക്കിയതിന്റെ ഫലമായിട്ട്, ലോക വ്യാപാര സംഘടനയുമായിട്ടുണ്ടാക്കിയ കരാറുകളുടെ അടിസ്ഥാന ത്തിൽ കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്നയാളുകൾ ഇന്ന് അതീവ ഗുരുത രമായ പ്രതിസന്ധിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ഇപ്പോൾ റബ്ബർ കർഷ കർ നേരിടുന്ന പ്രശ്നം പോലെതന്നെയാണ് കർഷകർ ആത്മഹത്യ ചെയ്ത ഘട്ടങ്ങളിൽ ഇഞ്ചി കർഷകർ ഇതുപോലൊരു ആത്മഹത്യയ്ക്ക് തയ്യാറായത്. കാരണം അന്ന് ധാരാളം ഇഞ്ചി ഉൽപ്പാദിപ്പിക്കുകയും, നല്ല വിലയുമുണ്ടായി രുന്ന അവസരത്തിലാണ് കേന്ദ്ര ഗവൺമെന്റിന്റെ നയമനുസരിച്ച് ഈ ആസി യാൻ കരാറിന്റെ വ്യവസ്ഥയ്ക്കനുസരണമായി ഇഞ്ചി ഇറക്കുമതി ചെയ്തത്. ഇഞ്ചി ഇറക്കുമതി ചെയ്തപ്പോഴാണ് വയനാട് ജില്ലയിൽപ്പെട്ട ഇഞ്ചിക്കർഷകർ ആത്മഹത്യ ചെയ്യാനിടയായത്. അതുപോലെ തന്നെ സമാനസ്വഭാവമുള്ള ഒരു സംഭമാണ് ഇപ്പോൾ റബ്ബർ കർഷകർ നേരിടുന്നത്. യഥാർത്ഥത്തിൽ റബ്ബർ ഇറക്കുമതി ചെയ്തപ്പോൾ റബ്ബറിന്റെ വില ഇടിഞ്ഞു. ചെറുകിട റബ്ബർ കർഷകർ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് കൂടുതൽ കൃഷി ചെയ്യുകയും ആ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത സ്ഥിതി വിശേഷം സംജാതമാകുകയും അവർ ആത്മഹത്യയ്ക്ക് ഒരുങ്ങുകയും ചെയ്യുന്ന തലത്തിലെത്തുകയും ചെയ്യും. അതുകൊണ്ട് അതീവ ഗുരുതര മായ ഈ പ്രശ്നം ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റ് നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേ ഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. തോമസ് ചാണ്ടി: സർ, കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ പല നയങ്ങളും കാരണം കേന്ദ്രത്തിൽ കോൺഗ്രസ്സിനോടൊപ്പം നിൽക്കുന്ന

എന്റെ പാർട്ടിക്കുവരെ ജനങ്ങളുടെ മുൻപിൽ മറുപടി പറയാനില്ലാത്ത അവസ്ഥ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഒരുപാട് കാര്യങ്ങളുണ്ട്. ലോകത്തിൽ ഏതെങ്കിലും രാഷ്ട്രത്തിൽ പെട്രോളിന്റെ വില ഒരു മാസത്തിൽ 5 പ്രാവശ്യം ഉയരുകയും താഴുകയും ചെയ്യാറുണ്ടോ? അപ്പോൾത്തന്നെ സ്റ്റെബിലിറ്റി നഷ്ടപ്പെട്ടില്ലേ; കേന്ദ്ര ഗവൺമെന്റിന്റെ ഈ നയം എന്തിനുവേണ്ടിയാണ്; ഇതൊക്കെ നിയന്ത്രിക്കുന്നത് ആരാണെന്ന് പലപ്പോഴും എന്റെ പാർട്ടിയിൽ തന്നെ ഞാൻ ചോദിച്ചിട്ടുണ്ട്. അവർക്കാർക്കും നിയന്ത്രിക്കാനൊക്കാത്ത രീതിയിൽ പെട്രോൾ വില ഉയരുന്നു, താഴുന്നു. വീണ്ടും ഡീസൽ വില ഉയ രുന്നു, താഴുന്നു. ലോകത്തിൽ ഇതിനൊരു റെഗുലേറ്ററി സിസ്റ്റമുണ്ടായിരുന്ന രാജ്യമാണ് ഇൻഡ്യ. എന്നുപറഞ്ഞതുപോലെ, റബ്ബർ കർഷകർക്ക് നീതി ലഭി ക്കുന്നില്ല, ഗൾഫ് മലയാളികൾക്ക് നീതി ലഭിക്കുന്നില്ല. കഴിഞ്ഞ വർഷം 75,000 കോടി രൂപയാണ് ഗൾഫ് മലയാളികൾ ഇൻഡ്യയിലേയ്ക്ക് അയച്ചു തന്നതെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഞാനൊന്നു ചോദിക്കട്ടെ, ഫോറിൻ കറൻസിയുടെ വരുമാനത്തിൽ 5% വിദേശത്ത് നിന്ന് ഡ്യൂട്ടി ഫ്രീയായിട്ട് ഇറക്കുമതി ചെയ്യാമെന്ന് ഈ രാജ്യത്ത് ഒരു നിയമം ഉണ്ട്. അങ്ങനെയാണെ ങ്കിൽ വിദേശത്ത് നിന്നും വരുന്ന നമ്മുടെ സഹോദരിമാരുടെ മാലയും വളയു മൊക്കെ ഊരി മേശപ്പുറത്ത് വെച്ച് തൂക്കി നോക്കുന്നതെന്തിനാണ്. അതിനെ തിരെ നമുക്ക് എന്തെങ്കിലും പറയാൻ സാധിച്ചിട്ടുണ്ടോ; അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെയും, വീട്ടമ്മമാർ ഗ്യാസിനുവേണ്ടി ബുദ്ധി മുട്ടിയതിനുൾപ്പെടെയുള്ള ഒരുപാട് കാര്യങ്ങൾക്ക് വരുന്ന പാർലമെന്റ് ഇല ക്ഷനിൽ സമാധാനം പറയേണ്ടിവരും. റബ്ബർ കർഷകർക്ക് നീതി കിട്ടാത്ത വിഷയത്തിൽ ഇന്ന് സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്ത

ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി)

(ശ്രദ്ധക്ഷണിക്കൽ)